പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5178 22.05.2017-ലെ മറുപടി

അതിരപ്പിള്ളി ,പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി : | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനായി, ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള സമഗ്ര കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ; | എ യും ബി യും | 2017-18-ൽ ബജറ്റിൽ കിഫ്ബി വഴി നടപ്പിലാക്കുന്നതിനായി കോടശ്ശേരി, പരിയാരം, അതിരപ്പിള്ളി പഞ്ചായത്തു കൾക്കുള്ള കുടിവെള്ള പദ്ധതിയ്ക്കായി 35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. ശുദ്ധീകരണശാല നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം (ഒരു ഏക്കർ) എക്സ് സർവ്വീസ് മെൻ സൊസൈറ്റിയുടെ കൈവശമുള്ള ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി നടപടികൾ ത്വരിതപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ